# ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

**Reg. No. ER 7/2012**

# LSS EXAMINATION, APRIL 2021

## എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ 2021

## മാതൃകാ ചോദ്യപേപ്പർ - 1

## (Paper I) (പേപ്പർ 1)

**സമയം: 2 മണിക്കൂർ** **ആകെ സ്കോർ: 50**

**പേര്:** ........................................................................................ **ഫോൺ:**...............................

**സ്കൂൾ:** ........................................................................................................................

**രജിസ്റ്റർ നമ്പർ**

| | | | |
|---|---|---|---|
| അക്കത്തിൽ | | | |
| അക്ഷരത്തിൽ | | | |

**പൊതുനിർദ്ദേശങ്ങൾ**

1. 10 മണി മുതൽ 12.20 വരെയാണ് പരീക്ഷാ സമയം
2. ആദ്യത്തെ 20 മിനിട്ട് സമയം സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.
3. എൽ.എസ്.എസ്. പരീക്ഷയ്ക്ക് ഒരു പേപ്പറും അതിൽ 5 പാർട്ടുകളുമാണ് ഉണ്ടായിരിക്കുക. പാർട്ട് (എ) - മലയാളം, പാർട്ട് (ബി) - ഇംഗ്ലീഷ്, പാർട്ട് (സി) - പരിസരപഠനം, പാർട്ട് (ഡി) - ഗണിതം, പാർട്ട് (ഇ) പൊതുവിജ്ഞാനം
4. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
5. പാർട്ട് (സി), പാർട്ട് (ഡി), പാർട്ട് (ഇ) ചോദ്യങ്ങൾ മലയാളം/ഇംഗ്ലീഷ് മാധ്യമങ്ങളിലായി തൊട്ടടുത്തു വരുന്ന പേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾ തങ്ങളുടെ മീഡിയത്തിലെ പേജിൽ ഉത്തരം എഴുതേണ്ടതാണ്.

**ഇത് ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി നടത്തുന്ന ഒരു മാതൃകാ പരീക്ഷയാണ്.**



തയ്യാറാക്കിയത്
റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി - 9946553764

# LSS EXAMINATION, APRIL 2021

## എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ – 2021

## (Paper I) (പാർട്ട് എ)

## മലയാളം

**സമയം 25 മിനിട്ട്** **ആകെ സ്കോർ : 10**

- * **1 മുതൽ 6 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**
- * **ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.**
- * **എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.**

1. താഴെ കൊടുത്ത വിവരണം ശ്രദ്ധിച്ചു വായിക്കുക. തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

### തേനീച്ച

തേനീച്ച വിശേഷപ്പെട്ട ഒരു പ്രാണിയാണ്. അതിന്റെ ജീവിതരീതികൾ അറിയാൻ രസം ഉള്ളതാണ്. തേനീച്ച കൂട്ടമായിട്ടു ജീവിക്കുന്നു. ഒരു കൂട്ടിൽ വളരെയധികം ഈച്ചകൾ കാണും. അവയ്ക്ക് എല്ലാം ഇരിക്കാനും തേനും പൂമ്പൊടിയും ശേഖരിച്ചു വയ്ക്കാനും കൂട്ടിൽ അനേകം അറകൾ ഉണ്ട്. മരങ്ങളുടെ പോടുകളിലും ചുവരിലും മറ്റും ഉള്ള വിടവുകളിലും ആണ് അവ സാധാരണയായി കൂട് ഉണ്ടാക്കുന്നത്. മെഴുകുകൊണ്ടാണ് തേനീച്ച കൂട് പണിയുന്നത്. അതിനു വേണ്ട മെഴുക് അവയുടെ ദേഹത്ത് നിന്ന് ഉണ്ടാകുന്നു.

ഓരോ കൂട്ടിലും മൂന്നുതരം ഈച്ചകൾ ഉണ്ട്. എല്ലാറ്റിലും വലുതാണ് തള്ളയീച്ച. അതിനെ രാജ്ഞി എന്നു പറയുന്നു. മറ്റ് ഈച്ചകൾ എല്ലാം അതിന് കീഴടങ്ങി ജീവിക്കുന്നു. രാജ്ഞിയുടെ ഉടലിന് കൂടുതൽ വലിപ്പം ഉണ്ടെങ്കിലും അതിന്റെ ചിറകുകൾ ചെറുതാണ്. അതിന്റെ വയറ് തൂങ്ങിയിരിക്കുന്നു. അകത്തമ്മ പോലെ അത് അധികം നേരവും കൂട്ടിനുള്ളിൽത്തന്നെ കഴിയും. അതിനു വേണ്ടതെല്ലാം മറ്റു ഈച്ചകൾ കൊണ്ടു ചെന്നു കൊടുക്കും.

ആകൃതിയിൽ മുഴുപ്പുള്ളവയാണ് ആണീച്ചകളും. എന്നാൽ അവയ്ക്ക് തള്ളയീച്ചയെക്കാൾ വലിപ്പം കുറഞ്ഞിരിക്കും. അവ മിക്കവാറും വേല ചെയ്യാതെ കഴിച്ചുകൂട്ടുന്നു. വയറു നിറയ്ക്കണം എന്നേ അവയ്ക്ക് ആശ ഉള്ളൂ. ആ മടിയന്മാരെ മറ്റ് ഈച്ചകൾ വെറുക്കുന്നു.

ആണീച്ചയെക്കാളും ചെറുതാണ് വേല ചെയ്യുന്ന ഈച്ചകൾ. ആവശ്യമുള്ള വേല മുഴുവൻ നടത്തുന്നത് അവയാണ്. വേലക്കാർ എങ്ങും പറന്നുചെന്ന് പൂക്കൾ കണ്ടുപിടിക്കും. നീണ്ട നാക്കുകൊണ്ട് അവ പൂവിൽ നിന്നു തേൻ എടുക്കുന്നു. അവയുടെ നാവിൽ നെല്ലോലയിലെപ്പോലെ വളരെ ചെറിയ ഓവുകൾ ഉണ്ട്. അതിനാൽ നാക്കുകൊണ്ട് തേൻ എടുക്കാൻ അവയ്ക്ക് കഴിയുന്നു. എടുക്കുന്ന തേൻ മുഴുവൻ അവ കുടിച്ചു കളയുന്നില്ല. തേൻ സൂക്ഷിക്കാൻ അവയ്ക്കു വായിൽ ചെറിയ സഞ്ചി ഉണ്ട്. സഞ്ചി നിറയുമ്പോൾ ഈച്ച കൂട്ടിലേക്കു തിരിച്ചു

പോകും. തേൻ കൊണ്ടുചെന്ന് കൂട്ടിൽ ഉള്ള ചെറിയ അറകളിൽ നിറയ്ക്കുന്നു. പിന്നെ മെഴുകു കൊണ്ട് അത് അടയ്ക്കുകയും ചെയ്യും.

എപ്പോഴും പരിശ്രമം ചെയ്യുന്ന ഈ പ്രാണിയെ കണ്ടു പലതും പഠിക്കാം. കൂട്ടത്തിൽപ്പെട്ടവർക്കു വേണ്ടത് എല്ലാം ചെയ്യാൻ തേനീച്ച ബുദ്ധിമുട്ടുന്നു. പിന്നത്തേയ്ക്കു വേണ്ടതെല്ലാം കരുതി വെയ്ക്കുന്നു. ആവശ്യമുള്ള തേനും പൂമ്പൊടിയും തേടിപ്പിടിക്കും. തള്ളയുടെ വരുതിയിൽ നിന്ന് വേല ചെയ്യും. മടിയൻമാരെ അവർ വെറുക്കുകയും ചെയ്യുന്നു.

**എ)** ആണീച്ചകളെ മറ്റ് ഈച്ചകൾ വെറുക്കാൻ കാരണം? **സ്കോർ 1**

ഉത്തരം

**ബി)** രാജ്ഞി ഈച്ചയുടെ പ്രത്യേകതകൾ എന്തൊക്കെ? **സ്കോർ 2**

ഉത്തരം

**സി)** തേനീച്ചയുടെ ജീവിത രീതികളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **സ്കോർ 2**

ഉത്തരം

2) രാത്രിമഴ എന്ന കവിത ആരുടെ രചനയാണ്? സ്കോർ 1

എ) സുഗതകുമാരി | ബി) ഓ.എൻ.വി.

സി) വള്ളത്തോൾ | ഡി) മാധവിക്കുട്ടി

ഉത്തരം

3) 'മഞ്ഞുകാലം' - പിരിച്ചെഴുതുക. സ്കോർ 1

ഉത്തരം

4) താഴെ കൊടുത്തിട്ടുള്ളവയിൽ ശരിയായ ജോഡി ഏത്? സ്കോർ 1

എ) ചെറുശ്ശേരി - കൃഷ്ണഗാഥ

ബി) ഇടശ്ശേരി - വീണപൂവ്

സി) കുമാരനാശാൻ - പൂതപ്പാട്ട്

ഡി) ഒ.എൻ.വി. - കല്യാണസൗഗന്ധികം

ഉത്തരം

5) ഒറ്റയാനെ കണ്ടെത്തുക. സ്കോർ 1

എ) വല്ലോട്ടി | ബി) തേക്കുകൊട്ട | സി) നുകം | ഡി) ബക്കറ്റ്

ഉത്തരം

6) 'കേരളത്തിലെ പക്ഷികൾ' ആരുടെ പ്രസിദ്ധമായ പുസ്തകമാണ്? സ്കോർ 1

ഉത്തരം

**TEACHERS' CLUB KOLENCHERY**

**Reg. No. ER 7/2012**

# LSS EXAMINATION, APRIL 2021

# (PAPER - I) (PART - B)

# ENGLISH

**Time 25 minutes** **Total Score : 10**

**Write the answers to the questions in the space provided**

* **Questions 7 to 12 are included in the English Section**
* **The Score of each questions is given against it**
* **Answser all the questions.**

**7.a)** Make a meaningful word from the given letters and complete the sentence. **Score 1**

Ivan could predict the disaster as he know the birds..........

n g a e u a g l

Ans | | | | | | | | |

**b)** Can you write the name of the bird from the given clues. **Score 1**

* National bird
* Have a beautiful crown
* Dance well
* Feathers are beautiful

Ans

**c)** Read the following lines of this song and add more lines to it Score 3

Once I saw a little bird

Go hop hop hop

And I cried, "Little bird

Will you stop, stop, stop?

Ans ..........................................................................................................

..........................................................................................................

..........................................................................................................



തയ്യാറാക്കിയത്
റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി - 9946553764

..........................................................................................................

..........................................................................................................

..........................................................................................................

**8.** Arrange the following activities in order which related to cultivation. Score 1

Planting, Manuring, digging, sowing, reaping, watering.

Ans

**9.** Fill up in the blank with the opposite of the word underlined Score 1

“Anna doesn’t like <u>bad</u> habits, she is a ........................ girl.

Ans.

**10.** Rearrange the words to get correct answer. Who overturned Anna’s boat

Overturned / boy / a / naughty / boat / her

Ans.

**11.** Find the odd one

soil, water, manure, farmer, sunlight

Ans.

**12.** To find a successor, the king Vidyadhara thought of an idea. Read the above lines and find out the word with the meaning “heir”.

Ans.

# ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

**Reg. No. ER 7/2012**

## എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ 2021

# LSS EXAMINATION, APRIL 2021

## (Paper I) (പാർട്ട് സി)

## പരിസരപഠനം

**സമയം : 25 മിനിട്ട്** **ആകെ സ്കോർ: 10**

- **എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.**
- **13 മുതൽ 18 വരെയുള്ള ചോദ്യങ്ങളാണ് പരിസരപഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**
- **ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.**
- **എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.**

**13.** വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ വീടുകൾക്കും മണ്ണിൽ അലിഞ്ഞ് ചേരുന്ന വസ്തുക്കളും അലിഞ്ഞു ചേരാത്ത വസ്തുക്കളും സംസ്ക്കരിക്കാൻ പ്രത്യേകം ചവറ്റുകുട്ടകൾ ഒരുക്കി.

| | | |
|---|---|---|
| വാഴയില | പേപ്പർ ഗ്ലാസ് | പ്ലാസ്റ്റിക് കവർ |
| പഴത്തൊലി | ടൂത്ത് ബ്രഷ് | മരക്കഷണം |
| തെർമോകോൾ | പ്ലാസ്റ്റിക് പേന | മിഠായി കവർ |
| ചെരുപ്പ് | പത്രക്കടലാസ് | മുട്ടത്തോട് |

**എ)** ഈ വസ്തുക്കളെ ഏത് ചവറ്റുകുട്ടയിൽ നിക്ഷേപിക്കുമെന്ന് കണ്ടെത്തി എഴുതുക. **സ്കോർ 3**

| ഉത്തരം | |
|---|---|
| | |

**തയ്യാറാക്കിയത്**

**റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി - 9946553764**

**ബി)** എന്തുകൊണ്ടായിരിക്കാം ഇവയെല്ലാം ഒരു പാത്രത്തിൽ മാത്രമായി നിക്ഷേപിക്കാത്തത്?

**സ്കോർ 1**

ഉത്തരം

**സി)** കേരളത്തെ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്ന സർക്കാർ ഏജൻസിയുടെ പേര് എന്ത്? **സ്കോർ 1**

ഉത്തരം

**14.** ഒറ്റയാനെ കണ്ടെത്തുക.

എ) താമര ബി) ആഫ്രിക്കൻ പായൽ

സി) അസോള ഡി) കുളവാഴ **സ്കോർ 1**

ഉത്തരം

**15.** ഗാന്ധിജിയുടെ ഇന്ത്യയിലെ ആദ്യത്തെ സത്യാഗ്രഹ സമര പരീക്ഷണം ഏത്?

എ) ചമ്പാരൻ സമരം ബി) ഖേഡാ സമരം

സി) തുണിമിൽ സമരം ഡി) ക്വിറ്റ് ഇന്ത്യാ സമരം **സ്കോർ 1**

ഉത്തരം

**16.** ചെടി വളരുന്നതിനനുസരിച്ച് ബീജപത്രം ചുരുങ്ങി വലുപ്പം കുറയുന്നു. ഈ പ്രസ്താവന ശരിയോ തെറ്റോ? **സ്കോർ 1**

ഉത്തരം

**17.** സൂചനകളിൽ നിന്നും വ്യക്തിയെ തിരിച്ചറിയുക. **സ്കോർ 1**

* സ്വാതിതിരുനാളിന്റെ സമകാലികൻ
* മൂന്ന് ആട്ടക്കഥകൾ രചിച്ചു.
* 'ഓമനത്തിങ്കൾക്കിടാവോ' എന്ന താരാട്ട് പാട്ട് ഇദ്ദേഹത്തിന്റേയാണ്.

ഉത്തരം

**18.** പടയണിയുടെ ആദ്യ ചടങ്ങ് ഏത്? **സ്കോർ 1**

ഉത്തരം

# ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

**Reg. No. ER 7/2012**

## എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ 2021

# LSS EXAMINATION, APRIL 2021

## (Paper I) (പാർട്ട് ഡി)

## ഗണിതം

**സമയം : 25 മിനിറ്റ്** **ആകെ സ്കോർ: 10**

- * **എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.**
- * **19 മുതൽ 24 വരെയുള്ള ചോദ്യങ്ങളാണ് ഗണിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**
- * **ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.**
- * **എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.**

**19.** സംഖ്യയിലെ അക്കങ്ങൾ തമ്മിൽ കൂട്ടിയാൽ 9 കിട്ടുന്ന എത്ര സംഖ്യകൾ 500 നും 600 നും ഇടയിൽ ഉണ്ട്? **സ്കോർ 1**

| ഉത്തരം |
|---|

**20.** ഏറ്റവും വലിയ നാലക്ക സംഖ്യയിൽ നിന്നും ഏറ്റവും വലിയ മൂന്നക്ക സംഖ്യ കുറച്ചാൽ ലഭിക്കുന്ന സംഖ്യ ഏത്? **സ്കോർ 1**

| ഉത്തരം |
|---|

**21.** ഒരു മൈതാനത്തിന്റെ വീതിയും നീളവും തുല്യമാണ്. വീതി 100 മീറ്ററായാൽ അതിന്റെ ചുറ്റളവ് എത്ര? **സ്കോർ 1**

| ഉത്തരം |
|---|

**22.** കോവിഡ് വ്യാപനത്തെത്തുടർന്ന് അടച്ച കമ്പനിയുടെ പ്രവർത്തനം 2021 ജനുവരി ഒന്നാം തീയതി മുതൽ വീണ്ടും ആരംഭിച്ചു. കമ്പനിയിലെ തൊഴിലാളികൾ ഒന്നിടവിട്ട ദിവസങ്ങളിൽ ജോലിക്ക് ചെന്നാൽ മതി. രാമുവിന്റെ അച്ഛൻ ജനുവരി ഒന്നാം തീയതി മുതൽ കമ്പനിയിൽ ജോലി ചെയ്തു എങ്കിൽ ആ മാസം എത്ര ദിവസം രാമുവിന്റെ അച്ഛൻ ജോലി ചെയ്തു? **സ്കോർ 1**

| ഉത്തരം |
|---|

23. 3 പെട്ടികളിലായി 150 ജിലേബി അടുക്കി വച്ചിരിക്കുന്നു. ഒന്നാമത്തെ പെട്ടിയിൽ ഉള്ളതിനേക്കാൾ 10 എണ്ണം കൂടുതൽ രണ്ടാമത്തെ പെട്ടിയിൽ. രണ്ടാമത്തെ പെട്ടിയിൽ ഉള്ളതിനേക്കാൾ 10 എണ്ണം കൂടുതൽ മൂന്നാമത്തെ പെട്ടിയിൽ. എങ്കിൽ മൂന്നാമത്തെ പെട്ടിയിൽ എത്ര ജിലേബി ഉണ്ട് ? **സ്കോർ 1**

ഉത്തരം

24. വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ നടത്തിയ കേരളോത്സവത്തിൽ 800 മീറ്റർ ഓട്ടമത്സരത്തിൽ പങ്കെടുത്ത ചില കായിക താരങ്ങളുടെ പേരും സമയവും പട്ടികയിൽ നൽകുന്നു.?

| ക്രമനമ്പർ | പേര് | ഓടാനെടുത്ത സമയം |
|---|---|---|
| 1. | അമൽ | 2 മിനിട്ട് 24 സെക്കന്റ് |
| 2. | കണ്ണൻ | 2 മിനിട്ട് 07 സെക്കന്റ് |
| 3. | ബിനോയ് | 2 മിനിട്ട് 39 സെക്കന്റ് |
| 4. | അഭിലാഷ് | 2 മിനിട്ട് 16 സെക്കന്റ് |
| 5. | റോയ് | 2 മിനിട്ട് 17 സെക്കന്റ് |

**എ)** ഏറ്റവും ആദ്യം ഓടിയെത്തിയത് ആര്? **സ്കോർ 1**

ഉത്തരം

**ബി)** ഏറ്റവും അവസാനം ഓടിയെത്തിയത് ആര് ? **സ്കോർ 1**

ഉത്തരം

**സി)** ഏറ്റവും ആദ്യം ഓടി എത്തിയ ആളും രണ്ടാമത് ഓടിയെത്തിയ ആളും തമ്മിലുള്ള സമയവ്യത്യാസം എത്ര? **സ്കോർ 1**

ഉത്തരം

**ഡി)** കുറഞ്ഞ സമയത്തിൽ നിന്നും കൂടിയ സമയത്തിലേക്ക് എന്ന രീതിയിൽ പട്ടിക ക്രമീകരിക്കുക? **സ്കോർ 2**

ഉത്തരം

# ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

**Reg. No. ER 7/2012**

## എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ 2021

# LSS EXAMINATION, APRIL 2021

## (Paper I) (പാർട്ട് ഇ)

## പൊതുവിജ്ഞാനം

**സമയം : 20 മിനിറ്റ്** **ആകെ സ്കോർ: 10**

* **എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.**
* **25 മുതൽ 34 വരെയുള്ള ചോദ്യങ്ങളാണ് പൊതുവിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**
* **ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.**
* **എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.**

**25.** നാല്പത്തിനാലാമത് വയലാർ സാഹിത്യ പുരസ്ക്കാരം ലഭിച്ചതാർക്ക് ? **സ്കോർ 1**

ഉത്തരം

**26.** പൊതുവിദ്യാഭ്യാസ രംഗത്ത് രാജ്യത്തെ പ്രഥമ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിച്ച ഇന്ത്യൻ സംസ്ഥാനം ? **സ്കോർ 1**

ഉത്തരം

**27.** കേരള ബ്ലാസ്റ്റേഴ്സ് എന്ന ടീം ഏതു കളിയുമായി ബന്ധപ്പെട്ടതാണ് ? **സ്കോർ 1**

ഉത്തരം

**28.** കേരളത്തിലെ ഇപ്പോഴത്തെ വനിതാ മന്ത്രിമാരുടെ എണ്ണം എത്ര ? **സ്കോർ 1**

ഉത്തരം

**29.** കോവിഡ് 19 രോഗബാധയെത്തുടർന്ന് സ്കൂളുകൾ തുറക്കാൻ സാധിക്കാതെ വന്നതിനെത്തുടർന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ഓൺലൈൻ പഠന പരിപാടിയുടെ പേര് ? **സ്കോർ 1**

ഉത്തരം

**30.** ഇടുക്കി എറണാകുളം എന്നീ ജില്ലകളിലൂടെ മാത്രം ഒഴുകുന്ന കേരളത്തിലെ ഏറ്റവും വലിയ നദിയേത് ? **സ്കോർ 1**

ഉത്തരം

31. ആരുടെ ജന്മദിനമാണ് പരാക്രം ദിവസമായി ആഘോഷിക്കുന്നത് ? **സ്കോർ 1**

ഉത്തരം

32. കേരളത്തിലെ ഏറ്റവും വലിയ വിമാനത്താവളമുള്ള ജില്ല ഏത് ? **സ്കോർ 1**

ഉത്തരം

33. ''മതമേതായാലും മനുഷ്യൻ നന്നായാൽ മതി'' ഇതാരുടെ വാക്കുകൾ? **സ്കോർ 1**

ഉത്തരം

34. ഇന്ത്യയിൽ അവസാനം നിലവിൽ വന്ന സംസ്ഥാനം ഏത്? **സ്കോർ 1**

ഉത്തരം